**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2257** **16-03-2022 - ൽ മറുപടിയ്ക്ക്**

**അംഗൻവാടി ജീവനക്കാർക്ക് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അമിത ജോലിഭാരം കൊണ്ട് പ്രയാസപ്പെടുന്ന അംഗൻവാടി ജീവനക്കാർക്ക് മതിയായ ജോലി പരിരക്ഷയോ ആനുകൂല്യങ്ങളോ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അങ്കണവാടി പ്രവർത്തകർക്ക് ജോലി പരിരക്ഷയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ച ആനുകൂല്യങ്ങളും നല്കുന്നുണ്ട്. |
| (ബി) | അംഗൻവാടി ജീവനക്കാർക്ക് ചികിത്സയ്ക്ക് ധനസഹായം, മാരക രോഗികൾക്ക് ചികിത്സകാലാവധി വരെ ക്യാഷ്വൽ ലീവ്, പെൻഷൻ, ഇ.എസ്.ഐ. ആനുകൂല്യങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലേതു പോലെ ശനിയാഴ്ച അവധി തുടങ്ങിയ ആവശ്യങ്ങൾ പരിഗണിക്കുമോ; | (ബി) | അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിൽ നിന്നും മാസംതോറും വർക്കർക്ക് 2,500/- രൂപയും ഹെൽപ്പർക്ക് 1,500/- രൂപയും പെൻഷൻ അനുവദിക്കുന്നുണ്ട്. എന്നാൽ ബോർഡിൽ ഫണ്ട് അപര്യാപ്തമായതിനാൽ 2018 ജനുവരി മുതൽ ചികിത്സാ ധനസഹായം നൽകുന്നില്ല. അങ്കണവാടി ഗുണഭോക്താക്കൾക്ക് പ്രതിവർഷം 300 ദിവസം പോഷകാഹാര വിതരണം നടത്തുന്നതിന് കേന്ദ്ര നിർദേശം ഉണ്ട്. അതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേതു പോലെ ശനിയാഴ്ച അവധി അനുവദിക്കാൻ സാധിക്കുകയില്ല. മാരക രോഗികൾക്ക് ചികിത്സാ കാലാവധി വരെ ക്യാഷ്വൽ ലീവ്, ഇ.എസ്.ഐ ആനുകൂല്യങ്ങൾ തുടങ്ങിയവ നല്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (സി) | തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് പോലും ശരാശരി 291 രൂപ വേതനമുള്ള സാഹചര്യത്തിൽ അതിലും താഴെ വേതനമുള്ള 40 വർഷം മുമ്പ് ജോലിയിൽ പ്രവേശിച്ച അംഗൻവാടി ജീവനക്കാർക്കും പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്കും ഒരേ നിരക്കിലാണ് ഓണറേറിയം നൽകിവരുന്നത് എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിവേചനം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ഉണ്ട്. കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാർഗനിർദേശങ്ങളുടെയും സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും മാർഗനിർദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം നൽകുന്നത്. നിലവിൽ മെയിൻ അങ്കണവാടി വർക്കർക്ക് 12,000/- രൂപയും മിനി അങ്കണവാടി വർക്കർക്ക് 11,000/- രൂപയും അങ്കണവാടി ഹെൽപ്പർക്ക് 8,000/- രൂപയുമാണ് പ്രതിമാസ ഓണറേറിയം നൽകി വരുന്നത്. ബഹു.ധനകാര്യ മന്ത്രി 15/01/2021 ന് നിയമസഭയിൽ അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം പത്തുവർഷത്തിൽ താഴെ |

| | | | |
|---|---|---|---|
| | | | സർവീസ് ഉള്ള അങ്കണവാടി പ്രവർത്തകർക്ക് 500/- രൂപയും പത്ത് വർഷത്തിലധികം സർവീസ് ഉള്ള അങ്കണവാടി പ്രവർത്തകർക്ക് 1,000/- രൂപയും വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലാണ്. അങ്കണവാടി ക്ഷേമനിധിയുടെ സർക്കാർ വിഹിതം കുടിശ്ശിക ലഭ്യമായിട്ടുള്ളത് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | ഒരു വർഷം മുമ്പ് പ്രഖ്യാപിച്ച ശമ്പള വർധനയും, കുടിശ്ശികയായിട്ടുള്ള ക്ഷേമനിധി ആനുകൂല്യങ്ങളും യഥാസമയം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഉണ്ട്. കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാർഗനിർദേശങ്ങളുടെയും സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും മാർഗനിർദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം നൽകുന്നത്. നിലവിൽ മെയിൻ അങ്കണവാടി വർക്കർക്ക് 12,000/- രൂപയും മിനി അങ്കണവാടി വർക്കർക്ക് 11,000/- രൂപയും അങ്കണവാടി ഹെൽപ്പർക്ക് 8,000/- രൂപയുമാണ് പ്രതിമാസ ഓണറേറിയം നൽകി വരുന്നത്. ബഹു.ധനകാര്യ മന്ത്രി 15/01/2021 ന് നിയമസഭയിൽ അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം പത്തുവർഷത്തിൽ താഴെ സർവീസ് ഉള്ള അങ്കണവാടി പ്രവർത്തകർക്ക് 500/- രൂപയും പത്ത് വർഷത്തിലധികം സർവീസ് ഉള്ള അങ്കണവാടി പ്രവർത്തകർക്ക് 1,000/- രൂപയും വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലാണ്. അങ്കണവാടി ക്ഷേമനിധിയുടെ സർക്കാർ വിഹിതം കുടിശ്ശിക ലഭ്യമായിട്ടുള്ളത് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ